# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി4)63/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 29/03/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി4)63/2023 തീയ്യതി: 29/03/2023

## എറണാകുളം ജില്ലയിലെ മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിന്ദു എസ്സ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 05-01-2023 | 13-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-01-2023 | 13-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പോളി ടി.ഒ., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ ഗോപകുമാർ എം.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ പ്രസാദ് പി.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ കിരൺ കെ.എസ്., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സെബി കിടങ്ങേൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ശ്രീകുമാർ സി.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 07-04-2021 |
| ശ്രീമതി.മേഴ്സി | സെക്രട്ടറി | 08-04-2021 | 07-01-2022 |
| ശ്രീമതി.ജയറാണി പി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-01-2022 | 19-01-2022 |
| ശ്രീ.അജയകുമാർ പി. | സെക്രട്ടറി | 20-01-2022 | 21-02-2022 |
| ശ്രീമതി.ജയറാണി പി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-02-2022 | 13-03-2022 |
| ശ്രീ.അജയകുമാർ പി. | സെക്രട്ടറി | 14-03-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സൗമ്യ പോൾ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.നിലീന റാഫേൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.പ്രശാന്ത് ഇ.എം. | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.റസിയ. പി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ. ബിന്ദു തോമസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.അമീറ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2021 | 16-11-2021 |
| ഡോ.ഷൈമ സലിം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 17-11-2021 | 31-03-2022 |
| ശ്രീ.ബേസിൽ പോൾ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി ലില്ലി.കെ.വി. | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 26-12-2021 |
| ശ്രീമതി.ആയിഷ പി.കെ | ഹെഡ് മിസ്ട്രസ്സ് | 27-12-2021 | 31-03-2022 |
| ശ്രീ. രാഗേഷ് കെ.ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മലയാറ്റൂർ) | 01-04-2021 | 31-03-2022 |
| ശ്രീമതി രശ്മി കെ. പിള്ള | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കാടപ്പാറ) | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാര്‍ഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാര്‍ഷിക ധനകാര്യപ്പത്രികയിലെ അപാകതകള്‍ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികള്‍ | 1-7 |
| 9 | ക്യാഷ് ബാലന്‍സ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകള്‍ നടത്തിയതിന്റെ വിവരം | 1-10 |
| 12 | നിഷ്ക്രിയ ആസ്തിയായി Dormant അക്കൗണ്ടിലേക്ക് മാറ്റിയ തുക തിരികെ ലഭിച്ചിട്ടില്ല, | 1-11 |
| 13 | മരം ലേലം അപാകതകള്‍ | 1-12 |
| 14 | ഫിഷ് ഫാം ലേലം അപാകതകള്‍ | 1-13 |
| 15 | സാമൂഹ്യ സുരക്ഷാ പെന്‍ഷന്‍- അപാകതകള്‍ | 1-14 |
| 16 | ശമ്പള പരിഷ്കരണ കുടിശ്ശിക -18,350/- രൂപ അധികം നല്‍കി | 1-15 |
| 17 | മരുന്നുകള്‍ പൂര്‍ണ്ണമായും ലഭ്യമായിട്ടില്ല | 1-16 |
| 18 | 60 മീറ്റര്‍ വരെ വിസ്തീര്‍ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കല്‍ -ഒന്നില്‍ കൂടുതല്‍ കെട്ടിടങ്ങള്‍ക്ക് ഇളവ് അനുവദിച്ചു | 1-17 |
| 19 | സര്‍ക്കാര്‍ അനുമതിയില്ലാതെ ആര്‍ജ്ജിതാവധി സറണ്ടര്‍ ആനുകൂല്യം നല്‍കി | 1-18 |
| 20 | കന്നുകുട്ടി പരിപാലന പദ്ധതി-മുന്‍കൂര്‍ നല്‍കിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല | 1-19 |
| 21 | തൊഴില്‍ നികുതി - അപാകതകള്‍ | 1-20 |
| 22 | സാമൂഹ്യ സുരക്ഷാ പെന്‍ഷന്‍ - രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകള്‍ അപൂര്‍ണ്ണം | 1-21 |
| 23 | വരള്‍ച്ച ബാധിത പ്രദേശങ്ങളില്‍ കുടിവെള്ള വിതരണം- അപാകതകള്‍ | 1-22 |
| 24 | മോട്ടോര്‍ റണ്ണിംഗ് ഫീ കുറവായി ഈടാക്കി | 1-23 |
| 25 | വെള്ളക്കരം കുടിശ്ശിക ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം | 1-24 |
| 26 | ജീവനക്കാരുടെ തൊഴില്‍ നികുതി കുറവായി ഈടാക്കി | 1-25 |
| 27 | പള്ളിവക ഓഡിറ്റോറിയത്തിന് നികുതി നിര്‍ണ്ണയം നടത്തിയിട്ടില്ല | 1-26 |

| | | |
|---|---|---|
| 28 | വസ്തു നികുതി - വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് നൽകിയില്ല | 1-27 |
| 29 | ഹോം സ്റ്റേ കെട്ടിടത്തിന് ലോഡ്ജ് ഉപയോഗക്രമത്തിൽപെടുത്തി വസ്തുനികുതി നിർണ്ണയിച്ചു | 1-28 |
| 30 | സാക്ഷരതാ പ്രേരക്കിന് നൽകിയ മുൻകൂർ ക്രമീകരിച്ചില്ല | 1-29 |
| 31 | അനധികൃത ഫാമുകൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ് | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ശമ്പള പരിഷ്കരണ കുടിശ്ശിക -18,350/- രൂപ അധികം നൽകി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകളുടെ വിവരം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | വായ്പ/ വായ്പ തിരിച്ചടവ് | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ് ഭരണസമിതിയുടെ 17.02.2021 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 09.03.2021 തീയതിയിലെ 2(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു

| | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 8178432.00 | 19807622.00 | (-)11629190.00 |
| വരവ് | 202515262.00 | 83062655.00 | 119452607.00 |
| ആകെ | 210693694.00 | 102870277.00 | 107823417.00 |
| ചെലവ് | 204718473.00 | 78778560.00 | 125939913.00 |
| നീക്കിയിരിപ്പ് | 5975221.00 | 24091717.00 | (-)18116496.00 |

ബജറ്റ് പ്രകാരമുള്ള കണക്കുകളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ട്. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 11.05.2021 |

## 1-2-1 വാർഷിക ധനകാര്യപ്പത്രികയിലെ അപാകതകൾ

മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) സചിത്ര സോഫ്റ്റ് വെയർ പ്രകാരമുള്ള ആസ്തി രജിസ്റ്ററിൽ ആസ്തികളുടെ നവീകരണ ചെലവ് ഉൾപ്പെടുത്തി പരിഷ്കരിച്ചിട്ടില്ല.

2) അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയുടെ കൂടെ ഉള്ളടക്കം ചെയ്തിട്ടില്ല.

3) സഞ്ചയ പ്രകാരമുള്ള കെട്ടിട നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സാംഖ്യ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19807622.00 |
| വരവ് | 83062655.00 |
| ആകെ | 102870277.00 |
| ചെലവ് | 78778560.00 |
| നീക്കിയിരിപ്പ് | 24091717.00 |
| ചെലവ് നഷ്ടം | 18350.00 |
| വരവ് നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 445982.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) (ACR പ്രകാരം) | 0 | 14203806 | 14203806 | 14134697 | 0 | 69109 |
| വികസന ഫണ്ട് (എസ്.സി.പി) (ACR പ്രകാരം) | 0 | 4901825 | 4901825 | 4129330 | 0 | 772495 |
| വികസനഫണ്ട് (ടി.എസ്.പി)(ACR | 0 | 8300 | 8300 | 0 | 0 | 8300 |

| | | | | | | |
|---|---|---|---|---|---|---|
| പ്രകാരം) | | | | | | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) (ACR പ്രകാരം) | 0 | 22526000 | 22526000 | 9236642 | 0 | 13289358 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) (ACR പ്രകാരം) | 0 | 7374146 | 7374146 | 5028279 | 0 | 2345867 |
| ധനകാര്യ കമ്മീഷൻ അവാർഡ് ( Tied) | 0 | 8773057 | 8773057 | 6881519 | 1891538 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Un Tied) | 0 | 3856851 | 3856851 | 3543126 | 313425 | 0 |
| ദുരിതാശ്വാസനിധി | 3813 | 153 | 3966 | 0 | 3966 | 0 |
| എം.ജി. എൻ.ആർ .ഇ.ജി. എസ് തൊഴിലാളികളുടെ കൂലി | 0 | 34495985 | 34495985 | 34495985 | 0 | 0 |
| കേന്ദ്രാവിഷ്കൃതഫണ്ട് | | | | | | |
| പിജിഐജി | 2514036 | 0 | 2514036 | 2024649 | 489387 | 0 |
| ICDS- 320 100 121 | 541425 | 749476 | 1290901 | 650065 | 640836 | 0 |
| സംസ്ഥാനാവിഷ്കൃതഫണ്ട് | | | | | | |
| വിമുക്തി-320200301 | 29745 | 0 | 29745 | 0 | 29745 | 0 |
| 320200307-Grants, Contributions For Specific Purposes | 4748 | 0 | 4748 | 0 | 4748 | 0 |
| ലൈഫ് -ഭവനനിർമ്മാണം 320200302 | 600000 | 0 | 600000 | 320000 | 280000 | 0 |
| ശുചിത്വ മിഷൻ ഫണ്ട് 320200322 | 3791153 | 170000 | 3961153 | 2269649 | 1691504 | 0 |
| സാക്ഷരത | 14404 | 393 | 14797 | 0 | 14797 | 0 |
| Contribution From Other Govt. Agencies- 320300199 | 2583 | 1345732 | 1348315 | 0 | 1348315 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 196 | 98692467 | 190 | 55206317 | 29 | 6 | 161 | 82.14% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 18857 | 791345 | 810202 | 797090 | 13112 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 34495985 | 34495985 | 34495985 | 0 |
| സംസ്ഥാന വിഹിതം | 2000 | 0 | 2000 | 1000 | 1000 |
| ആകെ | 20857 | 35287330 | 35308187 | 35294075 | 14112 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 8565300 | 556 |
| വിധവാ പെൻഷൻ | 15696300 | 1047 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 31978600 | 2466 |
| വികലാംഗ പെൻഷൻ | 5104700 | 332 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 1233900 | 83 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.01.2023 -ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27690/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. എങ്കിലും താഴെ പറയുന്ന കാര്യങ്ങളിലേക്ക് കൂടി അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിലെ മുൻബാക്കിയിൽ വിവിധ ഡെപ്പോസിറ്റുകളുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമല്ല. അഡ്വാൻസ് , ഡെപ്പോസിറ്റ് രജിസ്റ്ററുകളിൽ അതാതു ഹെഡുകളിലെ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

3. പണമിടപാടുകൾ ശരിയായ അക്കൗണ്ട് ഹെഡുകളിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനമില്ല. ധാരാളം കറക്ഷൻ എൻട്രികൾ തൻവർഷം നടത്തിയിരിക്കുന്നു.

4. പുതിയതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

5. പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നില്ല.
വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. വർക്കിംഗ് ഗ്രൂപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള അംഗങ്ങളാണ് മോണിറ്ററിംഗ് ഗ്രൂപ്പായി പ്രവർത്തിക്കേണ്ടത്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.10.2022 | 09/2019 | 28.10.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19/02/2015 മുതൽ 04.03.2015 വരെ | 2009-10 മുതൽ 2013-14 വരെ | 19.05.2015 |

## 1-11 നിഷ്ക്രിയ ആസ്തിയായി Dormant അക്കൗണ്ടിലേക്ക് മാറ്റിയ തുക തിരികെ ലഭിച്ചിട്ടില്ല,

വർഷങ്ങളായി ഇടപാടുകൾ ഒന്നും ഇല്ലാത്ത ബാങ്ക് അക്കൗണ്ടിലെ ബാലൻസ് തുക മുഴുവൻ നിഷ്ക്രിയ ആസ്തിയായി Dormant അക്കൗണ്ടിലേക്ക് ബാങ്ക് അധികൃതർ മാറ്റുകയാണ് ചെയ്യുന്നത്. ഇപ്രകാരം Dormant അക്കൗണ്ടിലേക്ക് മാറ്റിയ തുകകൾ ബാങ്കിനെ അറിയിച്ച് അത് തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന പക്ഷം ആ തുക അക്കൗണ്ടിൽ വീണ്ടും ക്രെഡിറ്റായി വരുന്നതാണ്. എന്നാൽ ഇപ്രകാരം തുക ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാതെ Dormant അക്കൗണ്ടിലേക്ക് മാറ്റിയ തുക Bank Book ൽ ചെലവായി രേഖപ്പെടുത്തി ബാങ്ക് ബുക്ക് ബാലൻസ് പാസ്സ് ബുക്ക് പോലെ പൂജ്യം ബാലൻസായി കാണിക്കുകയാണ് ചെയ്തത്. ബാങ്ക് ബുക്ക് ബാലൻസ് പാസ്സ് ബുക്ക് പോലെ പൂജ്യം ബാലൻസ് ആയതിനാൽ ഈ ബാങ്ക് അക്കൗണ്ട് ബാലൻസ് ഷീറ്റിൽ ഉൾപ്പെടാതെ വരുകയും ഈ തുക Dormant അക്കൗണ്ടിലേക്ക് മാറ്റിയ വിവരം മനസിലാക്കാനും കഴിയാതെ വന്നു. ഇപ്രകാരം തെറ്റായി അക്കൗണ്ട് ചെയ്തതിന് വിശദീകരണം നൽകേണ്ടതും ഈ തുക തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിന്നും പിൻവലിച്ച അക്കൗണ്ടുകളുടെ വിവരം താഴെ കൊടുക്കുന്നു

Union Bank Of India-യിലെ അക്കൗണ്ടിലുണ്ടായിരുന്ന (നം.340502010008064) ബാലൻസ് തുക 1693/- Dtd 27-3-15-ൽ RBI – DEAF Scheme 2014 Fund Remit എന്ന് രേഖപ്പെടുത്തി Dormant Account എന്ന അക്കൗണ്ടിലേക്ക്

ബാങ്ക് മാറ്റിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നൽകിയത് പ്രകാരം ഇത് ബാങ്കിനെ അറിയിക്കുകയും ടി തുക പാസ് ബുക്കിൽ വരവായി ലഭിച്ചു എന്ന മറുപടി നൽകിയിട്ടുണ്ട്. ഇപ്രകാരമുള്ള തുകകൾ ശരിയായി അക്കൗണ്ട് ചെയ്യേണ്ടതാണ്.

## 1-12 മരം ലേലം അപാകതകൾ

മലയാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 10-ാം വാർഡിലെ ആകാശ പറവകൾ എന്ന സ്ഥാപനത്തിനോട് ചേർന്ന് പെരിയാറിന്റെ പുഴയോരത്ത് നിന്നിരുന്നതും കാറ്റത്ത് ഒടിഞ്ഞ് വീണതുമായ ഒരു തേക്കിന് റേഞ്ച് ഓഫീസറുടെ 14-8- 19 – ലെ SFR *19* കത്ത് പ്രകാരം 51,847- രൂപ വാല്യുവേഷൻ ഇട്ടിട്ടുണ്ട്. ഇതിൽ തേക്കിന്റെ നീളം 633 Cm, വണ്ണം 148 Cm, വോള്യം 0.866 M3 എന്നിങ്ങനെയാണ്. ഇതിൽ ഒരു തേക്ക് കഷണം മാത്രമാണ് ഉള്ളത്. ഈ മരത്തിന് വീണ്ടും റേഞ്ച് ഓഫീസറുടെ 6-11-2020 – ലെ SFR *19* കത്ത് പ്രകാരം 38,108.59/- രൂപ വാല്യുവേഷൻ ഇട്ടിട്ടുണ്ട്. ഇതിൽ തേക്ക് മൂന്ന് കഷണങ്ങളായാണ് വാല്യുവേഷൻ ഇട്ടിട്ടുള്ളത് തേക്കിന്റെ നീളം 608 Cm, വണ്ണം 153.66 Cm, വോള്യം 0.904 M3 എന്നിങ്ങനെയാണ്. ഈ വ്യത്യാസം പരിശോധിച്ച് മറുപടി നൽകേണ്ടതാണ്.

ദിവ്യ കാരുണ്യ ചാരിറ്റി ട്രസ്റ്റിന്റെ 1-9-2021 – ലെ കത്തിൽ ടി മരം 2018 – ലെ വെള്ളപൊക്കത്തിൽ ദിവ്യ കാരുണ്യ ചാരിറ്റി ട്രസ്റ്റിന്റെ കെട്ടിടത്തിന്റെ മുകളിലാണ് വീണതെന്നും ഇത് വെട്ടി മാറ്റിയ വകയിൽ 17,000/- രൂപ ചെലവായി എന്നും ഈ തുക തിരികെ തരണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

ഇത് 14-7-21 – ൽ ലേലം ചെയ്യുകയും ശ്രീ വർഗ്ഗീസ് തെക്കിനേത്ത് എന്ന വ്യക്തിക്ക് 40,000/- രൂപക്ക് ലേലം ഉറപ്പിച്ച് നല്കുകയും തുക ലഭിക്കുകയും ചെയ്തു.

ഓഡിറ്റ് പരാമർശങ്ങൾ

1. ഈ മരം കഷണങ്ങൾ ആക്കാനുള്ള കാരണം വ്യക്തമല്ല. 2018 – ൽ വീണ ഈ മരം വെട്ടി മാറ്റിയതിന് 3 വർഷം കഴിഞ്ഞ് 1-9-2021 – ലാണ് ഇതിന്റെ തുക ദിവ്യ കാരുണ്യ ചാരിറ്റി ട്രസ്റ്റ് ആവശ്യപ്പെടുന്നത്. ഇപ്രകാരം വെട്ടി മാറ്റിയത് പഞ്ചായത്തിനെ അറിയിച്ചിരുന്നോ എന്നും വ്യക്തമല്ല. ഈ മരം വെട്ടി കഷണങ്ങളാക്കുന്നതിന് മുമ്പ് ഇതിന്റെ അളവ് എടുക്കാതിരുന്നതിന് കാരണം വ്യക്തമല്ല.

2. 14-8-19–ലെ SFR *19* കത്ത് പ്രകാരം 51,847- രൂപ വാല്യുവേഷൻ ഇട്ട ഈ മരം ലേലം ചെയ്യാതെയാണ് വീണ്ടും 6-11-2020 – ലെ SFR *19* കത്ത് പ്രകാരം 38,108.59/- രൂപ വാല്യുവേഷൻ ഇട്ടത് . മറുപടി നൽകേണ്ടതാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.8) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.

## 1-13 ഫിഷ് ഫാം ലേലം അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 110 ഏക്കർ മണപ്പാട്ട് ചിറ ജലാശയത്തിൽ 15-2-2018 മുതൽ 14.2.2021 മത്സ്യം വളർത്തുന്നതിന് ഭാസ്കരൻ പാതാപ്പിള്ളിൽ എന്ന വ്യക്തിക്ക് 4,40,000/- രൂപക്ക് ലേലം ചെയ്ത് നല്കിയിരുന്നു. ഈ തുക 12-2-2018–ൽ അടച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അപേക്ഷ പ്രകാരം വീണ്ടും രണ്ട് വർഷത്തേക്ക് 14-2-23 വരെ നീട്ടി നൽകിയിട്ടുണ്ട് (22-7-19-ലെ 14 നമ്പർ കമ്മിറ്റി തീരുമാനം). നിലവിലുള്ള ലേല തുകയുടെ രണ്ട് വർഷത്തേക്ക് ആനുപാതികമായുള്ള തുകയും അതിന്റെ 20% വർദ്ധനവ് ഉൾപ്പെടെയുള്ള തുകക്കാണ് കരാർ നീട്ടി നൽകിയത്. ഈ തുകയുടെ 1/3 തുക കരാർ പുതുക്കുന്ന സമയത്തും ബാക്കി തുക വരുന്ന രണ്ട് വർഷങ്ങളിലായി അടക്കാനും എഗ്രിമെന്റ് പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആദ്യ ഗഡു 1,17,334/- രൂപ (Rt. No. 119010105878 തിയതി 11-3-20) പ്രകാരവും രണ്ടാം ഗഡു 1,17,334/- രൂപ 1-4-21 ലും അടച്ചിട്ടുണ്ട്. മൂന്നാം ഗഡു 1,17,334/- രൂപ അടക്കുന്നതിന് 22/4/22–ലെ A6-1099/2021 കത്ത് പ്രകാരം അടക്കാൻ അവശ്യപ്പെട്ടിരുന്നു. ഇതിനുള്ള മറുപടിയായി മത്സ്യകൃഷി നഷ്ടമാണ് എന്നും ആയതിനാൽ അടക്കാനുള്ള തുക മുന്ന് ഗഡുക്കളായി അടക്കാനും ലേല കാലാവധി രണ്ട് വർഷം കൂടി നീട്ടി നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് പഞ്ചായത്ത് അംഗീകരിച്ചില്ല. ഇതിന് എതിരെ അദ്ദേഹം കേസ് കൊടുക്കുകയും കോടതിയുടെ താല്കാലിക വിധിയുടെ ( W.P.(c) No.15256 Of 2022 (F) Dtd 6-5-22) അടിസ്ഥാനത്തിൽ 25,000/- പഞ്ചായത്തിൽ അടക്കുകയും ചെയ്തു (Rt. No. 1220100455/11-5-22).

ഇതിന്റെ നിലവിലെ അവസ്ഥ എന്താണ് എന്ന് മറുപടി നല്കേണ്ടതാണ്.
ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.8) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.

## 1-14 സാമൂഹ്യ സുരക്ഷാ പെൻഷൻ- അപാകതകൾ

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
1) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | പേര് | പെൻഷൻ ഐഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക / റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| | | | | | | കാലയളവ് | തുക | ആകെ | |
| 1 | റോസി ആന്റണി | 106420100832 | കർഷക തൊഴിലാളി പെൻഷൻ | 18.07.2022 | ആക്ടീവ് | 08/22–11/22 | 600 | 2400 | തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 2 | സുക അയ്യപ്പൻ | 106420100477 | കർഷക തൊഴിലാളി പെൻഷൻ | 9.10.2021 | സസ്പെൻഡ് | 11/21–02/22 | 1600 | 6400 | 6400 |
| 3 | മറിയം തോമസ് | 106420600820 | ദേശീയ വിധവാ പെൻഷൻ | 31.08.2022 | ആക്ടീവ് | 09/22 & 10/22 To 11/22 | 600 & 1600 | 600& 3200 | 3800 |

2) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ മലയാറ്റൂർ-നീലീശ്വരം പഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മറ്റ് പ്രാദേശിക സർക്കാർ/ക്ഷേമനിധി ബോർഡ് മുഖേന മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി കാണുന്നു.

| ക്രമ നം. | പേര് | പെൻഷൻ ഐഡി | പെൻഷൻ തരം | മരണ പ്പെട്ട തീയതി | നില വിലെ സ്റ്റാറ്റസ് | പ്രാദേശിക സർക്കാർ/ ക്ഷേമനിധി ബോർഡ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കാല യളവ് | തുക | ആകെ | |
| 1 | ഔസേപ്പ് | 2220119039 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 5.5.2020 | ആക്ടീവ് | Agricultural Office മലയാറ്റൂർ നീലേശ്വരം | നവംബർ 2022 വരെ | - | - | തടഞ്ഞ് വച്ചിരിക്കുന്നു |
| 2 | ലീല | 108010601380 | വിധവാ പെൻഷൻ | 6.4.2022 | ആക്ടീവ് | മേലൂർ ഗ്രാമ പഞ്ചായത്ത് | 05/22 To 11/22 | 1600 | 11200 | തടഞ്ഞ് വച്ചിരിക്കുന്നു |
| 3 | മേരി ഔസേഫ് | 106370202306 | വാർദ്ധക്യ കാല പെൻഷൻ | 15.07.2022 | ആക്ടീവ് | കറുകുറ്റി ഗ്രാമ പഞ്ചായത്ത് | 08/22 To 11/22 | 1600 | 6400 | 6400 |
| 4 | ടി.എൻ. ഓമന | 106300600124 | വിധവാ പെൻഷൻ | 18.06.2022 | ആക്ടീവ് | വരാപ്പുഴ ഗ്രാമ പഞ്ചായത്ത് | 07/22 To 11/22 | 1600 | 8000 | 8000 |
| 5 | ടി.എ. സത്യവാൻ | 2140000390 | ക്ഷേമനിധി ബോർഡ് പെൻഷൻ | 11.05.2022 | ആക്ടീവ് | തിരുവനന്തപുരം - Kerala Ration Dealers Welfare Fund | - | - | - | ഡി.ബി.ടി. വിതരണ വിവരങ്ങൾ ലഭ്യമല്ല |
| 6 | തങ്കപ്പൻ | 2220317058 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 26.06.2022 | ആക്ടീവ് | Agricultural Office മലയാറ്റൂർ നീലേശ്വരം | 07/22 To 11/22 | 1600 | 8000 | 8000 |
| 7 | ലളിത രാമകൃഷ്ണൻ | 2220119086 | ” | 15.08.2022 | ആക്ടീവ് | Agricultural Office മലയാറ്റൂർ നീലേശ്വരം | 09/22 To 11/22 | 1600 | 4800 | 4800 |
| 8 | ആനീസ് | 2220118858 | ” | 03.08.2022 | ആക്ടീവ് | Agricultural Office മലയാറ്റൂർ നീലേശ്വരം | 09/22 To 11/22 | 1600 | 4800 | 4800 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 9 | ത്രേസ്യ ദേവസ്സിക്കുട്ടി | 2043196975 | ക്ഷേമനിധി ബോർഡ് പെൻഷൻ | 05.08.2022 | | KBOCWWB-Ernakulam District Office | - | - | - | ഡി.ബി.ടി. വിതരണ വിവരങ്ങൾ ലഭ്യമല്ല |

3) ഡയറക്റ്റ് ടു ഹോം മുഖേന നേരിട്ട് പെൻഷൻ കൈപ്പറ്റിയിരുന്ന ശ്രീ എ.കെ. പരമേശ്വരൻ, വീട്, ഏത്താപ്പിള്ളി, നീലീശ്വരം എന്ന പെൻഷണർ 20.07.2022ൽ മരണപ്പെട്ടതിനാൽ 2022 ജൂലൈ മാസത്തിലെ പെൻഷൻ തുക കൈമാറാൻ സാധിച്ചിട്ടില്ലായെന്ന് സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2022 ആഗസ്റ്റ് മാസത്തെ പെൻഷൻ തുക (1,600/- രൂപ) നേരിട്ട് കൈപ്പറ്റിയതായി കാണുന്നു. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടിട്ടും പെൻഷൻ തുക അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചുപിടിച്ച് സർക്കാരിലേയ്ക്ക് മുതൽക്കൂട്ടേണ്ടതും രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

ഏതാനും ഫയലുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തന്നെ വലിയ തുകയാണ് മരണാനന്തരം ക്രെഡിറ്റ് ചെയ്യുതായും നിഷ്ക്രിയമായി അവശേഷിക്കുന്നതായും കാണാൻ സാധിച്ചത്. പഞ്ചായത്ത് ഇക്കാര്യം സംബന്ധിച്ച് പരിശോധിക്കുകയോ റിപ്പോർട്ട് തയ്യാറാക്കുകയോ, പ്രാദേശിക സർക്കാരുകളെ പെൻഷണറുടെ മരണ വിവരം അറിയിക്കുകയോ, തുക തിരിച്ചടക്കുന്നതിനും ഗവർമെന്റിലേക്ക് അടവാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(15/13.01.2023) മറുപടി നൽകിയില്ല.

## 1-15 ശമ്പള പരിഷ്കരണ കുടിശ്ശിക -18,350/- രൂപ അധികം നൽകി

| | |
|---|---|
| വൗച്ചർ നം, തീയതി, തുക | 22100331/12.08.2021- 1,44,780/- രൂപ |
| തുക കൈപ്പറ്റിയ വ്യക്തി | ശ്രീ ശ്രീകുമാർ സി.പി.<br>അസിസ്റ്റന്റ് സെക്രട്ടറി (റിട്ടയേർഡ്) |

സേവനത്തിൽ നിന്നും വിരമിച്ച ശ്രീ ശ്രീകുമാർ സി.പി., അസിസ്റ്റന്റ് സെക്രട്ടറിക്ക് 2019 ശമ്പളപരിഷ്കരണ കുടിശ്ശികയിനത്തിൽ മേൽ വൗച്ചർ പ്രകാരം 1,44,780/- രൂപ നൽകിയിട്ടുണ്ട് ( ചെക്ക് നം 134586/12.08.2021). ടിയാന്റെ അരിയർ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, വീട്ടുവാടക ബത്ത ഇനത്തിൽ 18,350/- രൂപ അധിക കുടിശ്ശിക നൽകിയതായി കണ്ടു. വ്യക്തമായ നഷ്ടമായതിനാൽ അധികം ചെലവഴിച്ച 18,350/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

## 1-16 മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S060/22<br>സാന്ത്വന പരിചരണം |
| അടങ്കൽ തുക | 6,00,000/-(വികസന ഫണ്ട്- ജനറൽ) |
| ആകെ ചെലവ് തുക | 5,99,629/- |
| ബിൽ നമ്പർ/<br>തീയതി | 9611/2021-22 തീയതി 08.06.2021 തുക 69435/-<br>1141/2021-22 തീയതി 14.07.2021 തുക 45861/-<br>5157/2021-22 തീയതി 24.09.2021 തുക 28789/-<br>8059/2021-22 തീയതി 11.10.2021 തുക 94998/-<br>3490/2021-22 തീയതി 27.12.2021 തുക 36450/-<br>2198/2021-22 തീയതി 15.01.2022 തുക 77060/-<br>8711/2021-22 തീയതി 16.03.2022 തുക 182950/-<br>9980/2021-22 തീയതി 30.03.2022 തുക 64086/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |

പദ്ധതിയിൽ പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ഓണറേറിയം ഉൾപ്പെടെയുള്ള ചെലവുകൾക്ക് 4,61,593/- രൂപ വിനിയോഗിച്ചിട്ടുണ്ട്. കൂടാതെ, മരുന്ന് വാങ്ങുവാൻ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് PRF5745/15.02.2022, PRF7519/30.03.2022 എന്നീ പ്രൊഫോർമ ഇൻവോയ്സുകളുടെ അടിസ്ഥാനത്തിൽ യഥാക്രമം 1,00,000/- രൂപയും , 38,036/- രൂപയും നൽകിയിട്ടുണ്ട്. പ്രസ്തുത തുകയ്ക്കുള്ള മരുന്ന് ലഭ്യമായതു സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/10.01.22) PRF7519/30.03.2022 ഇൻവോയ്സ് പ്രകാരം നൽകിയ 38,036/- രൂപയുടെ മരുന്നുകളും PRF5745/15.02.2022 പ്രകാരം നൽകിയ 1,00,000/- രൂപയിൽ 83,922/- രൂപയുടെ മരുന്നുകളും ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കുകയും ബാക്കി 16,078/- രൂപയുടെ മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നും മറുപടി നൽകുകയും ചെയ്തു. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ 16,078/- രൂപയുടെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 1-17 60 മീറ്റർ വരെ വിസ്തീർണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ -ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്) നം. 144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്) നം.358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ, കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. 1,2,3 വാർഡുകൾ മാത്രം പരിശോധിച്ചതിൽ കണ്ടെത്തിയ

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | പേര് /വിലാസം |
|---|---|---|
| 1 | 1/256 | അബ്രഹാം, കൂട്ടാല വീട്, നടുവട്ടം |
| | 1/256 B | |
| 2 | 2/31 | ജോയി റോക്കി, മഴുവഞ്ചേരി |
| | 2/63 B | |
| 3 | 2/181 | പൌലോ, ഞാളിയൻ വീട്, നീലീശ്വരം |
| | 2/181 A | |
| 4 | 2/395 | ടോമി, കരികുളം വീട്, നീലീശ്വരം |
| | 2/396 | |
| 5 | 3/107 A | ഉണ്ണി നാരായണൻ, പെലപ്പിള്ളി, മുണ്ടങ്ങാമറ്റം |
| | 3/ 107 B | |

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഒന്നിൽക്കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 11/12.01.2023 ന് മറുപടി ലഭിച്ചില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 സർക്കാർ അനുമതിയില്ലാതെ ആർജ്ജിതാവധി സറണ്ടർ ആനുകൂല്യം നൽകി

സർക്കാർ, അർദ്ധ-സർക്കാർ, സർവ്വകലാശാലാ, പൊതുമേഖലാ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുൾപ്പെടെ മുഴുവൻ വിഭാഗം ജീവനക്കാരുടേയും ആർജ്ജിതാവധി പണമാക്കി മാറ്റുന്നതിനുള്ള (Periodical Surrender Of Earned Leave) അവകാശം താല്ക്കാലികമായി മാറ്റി വെച്ചു കൊണ്ട്, GO (P) No.42/2020/Fin. Dated 16.04.2020, GO (P) No.43/2020/Fin. Dated 17.04.2020, 17.07.2020-ലെ GO(P) No. 94/2020/Fin, GO(P) No. 104/2021/ Fin. Dated 26/07/2021 എന്നിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഓഫീസ് അറ്റൻഡന്റ്, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ എന്നിവർക്ക് മാത്രമാണ് ആർജ്ജിതാവധി പണമാക്കി മാറ്റുന്നതിന് അവകാശം ഉണ്ടായിരുന്നത്.
മേൽ പറഞ്ഞ ഉത്തരവുകളിലൂടെ മാറ്റി വെയ്ക്കപ്പെട്ട ആർജിതാവധി സറണ്ടർ ആനുകൂല്യം, സറണ്ടർ തുക പി.എഫ്.-ൽ ലയിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ 2020 നവംബർ മാസം മുതൽ അനുവദിക്കുന്നതാണെന്നും, ഇപ്രകാരം ലയിപ്പിക്കുന്ന തുക 2021 ജൂൺ 1 മുതൽ മാത്രമേ അനുവദിക്കുകയുള്ളൂ എന്നും 05.11.2020-ലെ സ.ഉ.(അ) നം. 152/2020/ധന. ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ജി ഒ (പി) നമ്പർ 104/2021, 26.7.2021 പ്രകാരമുള്ള ഉത്തരവനുസരിച്ച് 1.6.2021 മുതൽ മുൻകാലപ്രാബല്യത്തോടെ യാണ് ആർജ്ജിതാവധി പണമാക്കൽ അടുത്ത 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ചിട്ടുള്ളത്.
ആർജ്ജിതാവധി സറണ്ടർ ആനുകൂല്യം പണമാക്കി മാറ്റുന്നതിനുള്ള അവകാശം മാറ്റി വെക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെ, സർക്കാർ ഉത്തരവിനു വിരുദ്ധമായി പഞ്ചായത്തിലെ താഴെ പറയുന്ന 9 ജീവനക്കാർ അവരുടെ 30ദിവസത്തെ ആർജ്ജിതാവധി പണമായി കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | കൈപ്പറ്റിയ തുക | വൗച്ചർ നം , തീയതി |
|---|---|---|---|---|
| 1 | എൽദോസ് പോൾ | ഹെഡ് ക്ലർക്ക് | 57054 | 22100175/02.06.2021<br>(ചെക്ക് നം 133439/02.06.2021 – ₹357532/-) |
| 2 | ശ്രീഷ കെ എസ് | അക്കൗണ്ടന്റ് | 53058 | |
| 3 | സനിൽകുമാർ | സീനിയർ ക്ലർക്ക | 46953 | |
| 4 | ആനി വർഗീസ് | ,, | 40515 | |
| 5 | നസീമ ടി.എം. | ,, | 40515 | |
| 6 | രാജലക്ഷ്മി ടി | ക്ലർക്ക് | 50616 | |
| 7 | ശരത് എസ് നായർ | ,, | 38517 | |
| 8 | നിതിൻ പി എൻ | ,, | 30304 | |
| | ആകെ | | 357532 | |
| 9 | മേഴ്സി കെ ഒ | സെക്രട്ടറി | 72372 | 22100258/09.07.2021 ( ചെക്ക് നം 134565/09.07.2021) |

മേൽ പറഞ്ഞ പ്രകാരം സർക്കാർ ഉത്തരവിനു വിരുദ്ധമായി ആർജിതാവധി പണമാക്കി മാറ്റി 4,29,904/- രൂപ (357532 +72372) ജീവനക്കാർ കൈപ്പറ്റിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ ആർജ്ജിതാവധി പണമാക്കി മാറ്റിയത് സർക്കാർ ഉത്തരവില്ലാതെയാണെന്ന് കാണുന്നു. ആയതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 02/06.01.2023 ) തുക പിൻവലിച്ച സമയം ആർജ്ജിതാവധി സറണ്ടർ വിലക്കിക്കൊണ്ടുള്ള ഉത്തരവ് നിലവില്ലായിരുന്നുവെന്നും, 26.07.2021 ലെ ഉത്തരവ് പ്രകാരമാണ് 01.06.2021 മുതൽ മുൻകാല പ്രാബല്യത്തോടെ ആർജ്ജിതാവധി സറണ്ടർ വിലക്കിയതെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

സാമ്പത്തിക പ്രതിസന്ധി മൂലം ആർജ്ജിതാവധി സറണ്ടർ ആനുകൂല്യം സർക്കാർ പല തവണകളായി നീട്ടിവച്ചിരുന്നതാണ് . ആർജ്ജിതാവധി സറണ്ടർ ആനുകൂല്യം നൽകാൻ സർക്കാർ നയപരമായ തീരുമാനം എടുത്തിരുന്നുമില്ല. സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാൻ വൈകിയതിനാൽ ഉത്തരവ് നിലവിലില്ലായിരുന്നുവെന്ന സാങ്കേതിക കാരണം പറഞ്ഞ് ആർജ്ജിതാവധി സറണ്ടർ ആനുകൂല്യം അനുവദിച്ചത് ശരിയായ നടപടിയല്ല. ആയതിനാൽ 4,29,904/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതയിലേക്ക് ഭരണവകുപ്പിന്റെ ശ്രദ്ധക്ഷണിക്കുന്നു.

## 1-19 കന്നുകുട്ടി പരിപാലന പദ്ധതി-മുൻകൂർ നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ് 221/20-21, കന്നുകുട്ടി പരിപാലനം |
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| അടങ്കൽ | 3,18,750/(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 3,18,750/-(ബിൽ നം 232/10.02.2022) |

4 മുതൽ 32 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് കാലിത്തീറ്റ, മരുന്ന്, വാക്സിനേഷൻ, ഇൻഷ്വറൻസ് എന്നിവ ലഭ്യമാക്കുന്നതിനായുള്ള മേൽ പദ്ധതിയിൽ 51 കന്നുകുട്ടികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കന്നുകുട്ടി ഒന്നിന് സബ്സിഡി തുകയായ 6250/- രൂപ പഞ്ചായത്ത് വിഹിതം വകയിരുത്തി ആകെ 3,18,750/-രൂപ പ്രോജക്ട് ഓഫീസർ, ആലുവ-യ്ക്ക് കൈമാറിയിട്ടുണ്ട്. കന്നുകുട്ടികൾക്ക് 32 മാസം പ്രായം തികയുകയോ ഗർഭം ധരിക്കുകയോ, ഇതിലേതാണോ ആദ്യം വരുന്നത് അതുവരെയാണ് പദ്ധതിയിൽ ആനുകൂല്യം നൽകുന്നത്. പ്രോജക്ട് ഓഫീസർക്ക് കൈമാറിയ തുകയുടെ ചെലവുവിവരം ലഭ്യമാക്കേണ്ടതാണ്. മുഴുവൻ തുകയും വിനിയോഗിച്ചിട്ടില്ലെങ്കിൽ ബാക്കി തുക തിരികെ ഈടാക്കുകയോ, വരും വർഷങ്ങളിലെ പദ്ധതിയിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-20 തൊഴിൽ നികുതി - അപാകതകൾ

മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1)1994 ലെ കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 205 ഐ , 1996 ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി ചട്ടങ്ങൾ) ചട്ടം 18(2) എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ (ഫോറം 5) സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത രജിസ്റ്റർ കാലികമായി പുതുക്കേണ്ടതുമാണ്. പ്രസ്തുത രജിസ്റ്റർ സൂക്ഷിക്കുന്നത് സംബന്ധിച്ച മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തിയിട്ടില്ല. പഞ്ചായത്തിൽ സാംഖ്യ അക്കൗണ്ട് പ്രകാരം തൊഴിൽ നികുതി അടച്ച സ്ഥാപനങ്ങൾ മാത്രം ഉൾക്കൊള്ളുന്ന ഒരു രജിസ്റ്ററാണ് ഓഡിറ്റിന് ഹാജരാക്കിയത്. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും അടച്ചിട്ടുണ്ടോ എന്ന് ഉറപ്പിക്കാനായിട്ടില്ല. പ്രസ്തുത രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2)താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|---|
| 1 | 9 | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, മലയാറ്റൂർ | I & II |
| 2 | 10 | പോസ്റ്റ് ഓഫീസ്, നടുവട്ടം | I & II |
| 3 | 11 | ആയുഷ്പ്രാണ ആയുർവേദ ഹോസ്പിറ്റൽ | I & II |
| 4 | 25 | കൃഷി ഭവൻ | II |
| 5 | 30 | ബിഎസ്എൻഎൽ കൊച്ചി | I & II |
| 6 | 39 | കെഎസ്ഇബി മലയാറ്റൂർ | I |
| 7 | 40 | സപ്ലൈക്കോ നീലീശ്വരം | II |
| 8 | 41 | പോസ്റ്റ് ഓഫീസ് | II |
| 9 | 45 | ഹോമിയോ ഡിസ്പെൻസറി | I & II |
| 10 | 46 | ക്രിസ്റ്റിൻ , ലൈബ്രേറിയൻ | I & II |
| 11 | 48 | APHL കൊച്ചി വെഞ്ചേഴ്സ് | I |
| 12 | 51 | എം.എൻ.ആർ.ഇ.ജി.എസ് | I & II |
| 13 | 14 | സ്പർശം മെഡിക്കൽ കെയർ | I & II |

3) ലൈസൻസ് രജിസ്റ്റർ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ച പല സ്ഥാപനങ്ങളിലും ജീവനക്കാർ ഉള്ളതായി ലൈസൻസ് അപേക്ഷയിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ | ലൈസൻസ് നം. |
|---|---|---|---|---|

| | | | എണ്ണം | |
|---|---|---|---|---|
| 1 | നാഷണൽ ഡിസ്ട്രിബ്യൂട്ടേഴ്സ് | സോജി പി.ഡി | 5 | 146/2021 |
| 2 | ദി മാനേജേഴ്സ് ട്രെയിനിംഗ് അക്കാഡമി | മിഥുൻ സുരേഷ് | 14 | 183/2022 |
| 3 | മാട്ടലായ്ക്കൽ ഇൻഡസ്ട്രീസ് & ഡിസ്ട്രിബ്യൂട്ടേഴ്സ് | എം.കെ രവി | 5 | 9/2021 |
| 4 | സിത്താരാ പ്ലാസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡ് | എം.എ ബാബു | 8 | 56/2021 |
| 5 | തേലക്കാടൻ ഫ്യൂവൽസ് | ബിന്ദു ജോസ് | 5 | 6/2021 |
| 6 | ഗോൾഡൻ ഗ്രൂപ്പ് | ബോബിൻ പാപ്പച്ചൻ | 8 | 72/2021 |
| 7 | ആൻസ് സിമന്റ് പ്രൊഡക്റ്റ്സ് | എം.എ അവറാച്ചൻ | 4 | 15/2021 |
| 8 | ശിശിര ഓട്ടോമൊബൈൽസ് | എസ്. സുര | 9 | 35/2021 |
| 9 | പണ്ടാല ആട്ടോ മൊബൈൽ എഞ്ചിനീയറിംഗ്, മലയാറ്റൂർ | സജീഷ് പി.ജി | 6 | 59/2021 |
| 10 | മലയാറ്റൂർ റസിഡൻസി | എം.പി ഷിജു | 5 | 13/2021 |
| 11 | ഫാത്തിമ ഗ്രാനൈറ്റ്സ് | ആഷിക് അലി | 6 | 1/2021 |
| 12 | മരിയ ഏജൻസീസ് | ബിനു മാക്കാശ്ശേരി | 10 | 67/2021 |
| 13 | എസ്.ആർ.എസ് ഫുഡ്സ് | സാജു പി.എസ് | 6 | 77/2021 |

4) താഴെ ചേർക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|---|
| 1 | 5 | മണപ്പുറം ഫിനാൻസ് ലിമിറ്റഡ് | I |
| 2 | 14 | ടൊളിൻസ് വേൾഡ് സ്കൂൾ | I |
| 3 | 16 | കാത്തലിക് സിറിയൻ ബാങ്ക്, മലയാറ്റൂർ | I |
| 4 | 19 | ന്യൂമാൻ അക്കാദമി, മലയാറ്റൂർ | I & II |
| 5 | 27 | മുത്തൂറ്റ് ഫിൻ കോർപ്പ്, നീലീശ്വരം | I & II |
| 6 | 29 | മലയാറ്റൂർ-നീലീശ്വരം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | I & II |
| 7 | 32 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ,നീലീശ്വരം | II |

മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അപാകത സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന്(12/12.01.2023) മറുപടി നൽകി. ആയത് ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-21 സാമൂഹ്യ സുരക്ഷാ പെൻഷൻ - രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള വിവിധ പെൻഷൻ അപേക്ഷ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകളിൽ, 2021-22 വർഷം ലഭിച്ച അപേക്ഷകളുടെ തുടർ നടപടികളുമായി ബന്ധപ്പെട്ട്, അപേക്ഷ അന്വേഷണ ഉദ്യോഗസ്ഥർക്ക് നൽകിയ തീയതി, അന്വേഷണം കഴിഞ്ഞ് തിരികെ ലഭിച്ച തീയതി, സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം നമ്പർ/തീയതി, പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ/തീയതി, പെൻഷൻ അനുവദിച്ചുവോ / നിരസിച്ചുവോ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിക്കാണുന്നില്ല. ആയതിനാൽ അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല. രജിസ്റ്ററുകളിൽ പൂർണ്ണമായും രേഖപ്പെടുത്തലുകൾ വരുത്താത്തതിന് ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണ ഭോക്താവിന്റെ പേര് | രജിസ്റ്ററിലെ ക്രമ നം. | അന്വേഷണ ഉദ്യോഗ സ്ഥർക്ക് നൽകിയ തീയതി | അന്വേഷണം കഴിഞ്ഞ് തിരികെ ലഭിച്ച തീയതി | സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം നമ്പർ/ തീയതി | പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ/ തീയതി | അനുവദിച്ചുവോ / നിരസിച്ചുവോ |
|---|---|---|---|---|---|---|---|
| 1 | ലില്ലി ജോൺ അവിട്ടംപിള്ളി കമ്പനിപ്പടി, നീലീശ്വരം (കർഷക തൊഴിലാളി പെൻഷൻ) | 9 | 08.07.2021 | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |
| 2 | ഫിലോമിന ജോണി പനയ്ക്കൽ വീട് | 10 | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| | കൊറ്റമം (കർഷക തൊഴിലാളി പെൻഷൻ) | | | | | | |
| 3 | നിമിഷ ദേവി വട്ടക്കുന്നിൽ വീട് കാടപ്പാറ (ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വർക്കുള്ള പെൻഷൻ) | 9 | രേഖപ്പെടു ത്തിയിട്ടില്ല | രേഖപ്പെടു ത്തിയിട്ടില്ല | രേഖപ്പെടു ത്തിയിട്ടില്ല | രേഖപ്പെടു ത്തിയിട്ടില്ല | രേഖപ്പെടു ത്തിയിട്ടില്ല |
| 4 | ജിയോൺ ജോളി അറയ്ക്കൽ വീട് മലയാറ്റൂർ | 10 | രേഖപ്പെടു ത്തിയിട്ടില്ല | രേഖപ്പെടു ത്തിയിട്ടില്ല | രേഖപ്പെടു ത്തിയിട്ടില്ല | രേഖപ്പെടു ത്തിയിട്ടില്ല | രേഖപ്പെടു ത്തിയിട്ടില്ല |
| 5 | പുഷ്പ രാജു മുണ്ടക്കൽ വീട് മലയാറ്റൂർ (വാർദ്ധക്യ പെൻഷൻ) | 490 | രേഖപ്പെടു ത്തിയിട്ടില്ല | രേഖപ്പെടു ത്തിയിട്ടില്ല | രേഖപ്പെടു ത്തിയിട്ടില്ല | രേഖപ്പെടു ത്തിയിട്ടില്ല | രേഖപ്പെടു ത്തിയിട്ടില്ല |
| 6 | ലളിത പത്മനാഭൻ അമ്പലപ്പാടൻ വീട് മലയാറ്റൂർ (വാർദ്ധക്യ പെൻഷൻ) | 491 | രേഖപ്പെടു ത്തിയിട്ടില്ല | രേഖപ്പെടു ത്തിയിട്ടില്ല | രേഖപ്പെടു ത്തിയിട്ടില്ല | രേഖപ്പെടു ത്തിയിട്ടില്ല | രേഖപ്പെടു ത്തിയിട്ടില്ല |

മേൽ അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/13.01.2023) മറുപടി നൽകിയില്ല. രജിസ്റ്ററുകളിൽ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-22 വരൾച്ച ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം- അപാകതകൾ

| | |
|---|---|
| ചെലവിനം | വരൾച്ച ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം |
| വൗച്ചർ നം, തീയതി | 22100745/17.12.2021 |
| ചെലവഴിച്ച തുക | 4,88,800/- |
| കരാറുകാരൻ | ശ്രീ എസ്.ഐ. തോമസ് |

പഞ്ചായത്തിലെ വരൾച്ച ബാധിത പ്രദേശങ്ങളിൽ കുടിവെള്ളവിതരണം നടത്തിയതിന് മേൽ വൗച്ചർ പ്രകാരം 4,88,800/- രൂപ ചെലവഴിച്ചിട്ടുണ്ട്. കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

പഞ്ചായത്തിലെ വരൾച്ച ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ( 1300/- Per Trip.) ക്വോട്ട് ചെയ്ത ശ്രീ എസ്.ഐ. തോമസുമായി 16.03.2021 ൽ കരാറിലേർപ്പെട്ട് വർക്ക് ഓർഡർ നൽകി . 4,90,000/- രൂപ അടങ്കൽ നിശ്ചയിച്ചാണ് ടെണ്ടർ നോട്ടീസ് നൽകിയിരുന്നത്. 4000 ലിറ്റർ കപ്പാസിറ്റിയുള്ള മിനി ലോറിയിൽ 552 ട്രിപ്പുകൾക്കായി 7,17,600/- രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ട് കരാറുകാരൻ ബിൽ സമർപ്പിക്കുകയുണ്ടായി. മോണിറ്ററിംഗ് സമിതി ഈ തുക അനുവദിക്കാമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ വിതരണത്തിനായി ശേഖരിച്ച ജലത്തിന്റെ ഗുണമേന്മ സാക്ഷ്യപത്രം (അംഗീകൃത ലബോറട്ടറിയിൽ നിന്നുള്ളത്) ഹാജരാക്കാത്തതും, മുൻവർഷങ്ങളിൽ ഈയിനത്തിൽ 5 ലക്ഷത്തിലധികം ചെലവ് വന്ന കാര്യം അറിയാമായിരുന്നിട്ടും തൻവർഷം ഇ-ടെണ്ടർ നടപടി സ്വീകരിക്കാതിരുന്നതും അപാകതയായി സെക്രട്ടറി ചൂണ്ടിക്കാട്ടിയിരുന്നു. പഞ്ചായത്ത് അതിർത്തിയിലുള്ള മലയാറ്റൂർ, നടുവട്ടം എന്നീ പ്രദേശങ്ങളിലെ കിണറുകളിൽ നിന്നുമാണ് കുടിവെള്ളം വിതരണം ചെയ്തിട്ടുള്ളതെന്നും, കഴിഞ്ഞ കാലങ്ങളിൽ കുടിവെള്ള വിതരണം ചെയ്തതും ഇതേ കിണറുകളിൽ നിന്നുള്ള ജലമാണെന്നും, ഗുണമേന്മയുടെ കാര്യത്തിൽ പരാതിക്കിടയില്ലാത്ത വിധം കുടിവെള്ളം വിതരണം ചെയ്തിട്ടുള്ളതായും വാർഡുമെമ്പർമാർ കമ്മിറ്റിയിൽ അറിയിക്കുകയും, കോവിഡ് മഹാമാരിയുടെ കാലമായിരുന്നതിനാൽ ഓഫീസ് പ്രവർത്തനങ്ങൾക്കും മറ്റും പരിമിതി ഉണ്ടായിരുന്നതായും പഞ്ചായത്ത് കമ്മിറ്റി വിലയിരുത്തുകയും നടപടിക്രമങ്ങൾ, രേഖകൾ എന്നിവയുടെ അപര്യാപ്തത സാധൂകരിച്ച് കമ്മിറ്റിയുടെ ഉത്തരവാദിത്തത്തിൽ 4,90,000/-രൂപ കരാറുകാരന് നൽകുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചതനുസരിച്ചാണ് ( 15.12.2021 ലെ നം കമ്മിറ്റി തീരുമാനം) മേൽപ്രകാരം അടങ്കൽ തുകയിൽ ലിമിറ്റുചെയ്തുകൊണ്ട് 376 ട്രിപ്പുകൾക്കുള്ള തുകയായ 4,88,800/-രൂപ അനുവദിച്ചിട്ടുള്ളത്.

വാർഡ് 2 ൽ 142 ട്രിപ്പുകൾ, വാർഡ് 3 ൽ 113 ട്രിപ്പുകൾ, വാർഡ് 4 ൽ 60 ട്രിപ്പുകൾ, വാർഡ് 6 ൽ 6 ട്രിപ്പുകൾ, വാർഡ് 7 ൽ 231 ട്രിപ്പുകൾ, എന്നിങ്ങനെ ആകെ 552 ട്രിപ്പുകൾ ഓടിയതായി മെമ്പർമാരുടെ

സാക്ഷ്യപ്പെടുത്തലനുസരിച്ചാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ മുഴുവൻ ട്രിപ്പുകളുടേയും ജി പി എസ് ട്രാക്കിംഗ് റെക്കോഡ് ലഭ്യമാക്കിയിട്ടില്ല. (KL-55 C 8947 നമ്പർ വാഹനത്തിന്റെ ജി പി എസ് ട്രാക്കിംഗം 20.04.2021 മുതൽ 03.05.2021 വരെ E Sim Error മൂലം ലഭ്യമല്ല എന്നുള്ള ആദം ഏജൻസീസിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്). കൂടുതൽ പരിശോധന നടത്താതെ മുഴുവൻ ട്രിപ്പുകളുടേയും തുക അനുവദിക്കാൻ തീരുമാനമെടുത്തത് അപാകതയാണ്.

ആകെ അടങ്കൽ 4,90,000/-രൂപയായിരുന്നതിനാൽ അതിൽ പരിമിതപ്പെടുത്തി തുക അനുവദിക്കാനാണ് 15.12.2021 ലെ കമ്മിറ്റിയിൽ തീരുമാനമായത്. അതനുസരിച്ച് 376 ട്രിപ്പുകൾക്കുള്ള തുക അനുവദിക്കുകയും ചെയ്തു. എന്നാൽ കരാറുകാരൻ അധികമായി വിതരണം ചെയ്ത 176 ട്രിപ്പുകൾക്ക് തുക അനുവദിക്കുന്നതിനായി കോ ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്കുവേണ്ടി സമർപ്പിക്കുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തതായി കാണുന്നു ( 16.02.2022 ലെ 4(1) നമ്പർ തീരുമാനം). ഇതനുസരിച്ച് തുക നൽകിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 19/13.01.2023 ) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി രൂപീകരിച്ച് അംഗീകാരം വാങ്ങാതെയാണ് 5 ലക്ഷത്തോളം രൂപ ചെലവഴിച്ചിട്ടുള്ളത്. ഇ-ടെണ്ടർ നടപടികൾ ഒഴിവാക്കുന്നതിനായി 5 ലക്ഷത്തിൽ താഴെ അടങ്കൽ നിശ്ചയിക്കുകയും, പിന്നീട് പരിധിയില്ലാതെ തുക അനുവദിക്കുകയും ചെയ്യുന്നത് ശരിയായ നടപടിയല്ല. നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ച് തുക ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 മോട്ടോർ റണ്ണിംഗ് ഫീ കുറവായി ഈടാക്കി

1996 ലെ കേരള പഞ്ചായത്ത് രാജ് ( Issue Of Licence To Factories. Trades, Entrepreneurship Activities And Other Services) ചട്ടങ്ങൾ, ചട്ടം(18) പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും യന്ത്രത്തിന്റെ കുതിര ശക്തിയുടെ അടിസ്ഥാനത്തിലുള്ള ഫീ ഈടാക്കിയതിൽ കുറവ് കാണുന്നു. ആയത് ഈടാക്കുവാനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനം/ഉടമയുടെ പേര് | ലൈസൻസ് നം. | കുതിര ശക്തി | അടയ്ക്കേണ്ട ഫീ | അടവാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 1 | ശ്രീമുരുക /ധർമ്മജൻ പി.എസ് പൂണേലി വീട്, നീലീശ്വരം | 171/2021 | 80 HP | 1000 | 900 | 100 |
| 2. | മഴവഞ്ചേരി ജെനുവിൻ ഫർണിച്ചർ മാർട്ട് / പൌലോസ് ആന്റണി, മഴവഞ്ചേരി വീട്, നീലീശ്വരം | 75/2021 | 5 HP | 100 | - | 100 |
| 3 | യുണൈറ്റഡ് പ്ലാസ്റ്റിക് / മാനേജിംഗ് പാർട്ണർ, ഫ്യൂച്ചർ സൊല്യൂഷൻസ്, മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് , ഇല്ലിത്തോട് | 76/2021 | 120 HP | 2000 | 1500 | 500 |

2)വിക്രം വിശ്വനാഥ്, പുതുങ്ങാരം, മുളങ്കുഴി, മലയാറ്റൂർ എന്ന വ്യക്തി APHL KOCHI VENTURES സ്ഥാപനത്തിനായുള്ള ലൈസൻസ് അപേക്ഷയിൽ, യന്ത്രങ്ങൾ ഉപയോഗിക്കുന്ന സംഗതിയിൽ ആയതിന്റെ കുതിരശക്തി എത്ര എന്ന അന്വേഷണത്തിന് 285 HP എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന് മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കിയതായി കാണുന്നില്ല. 285 HP വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രത്തിന് 2850/- മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കാവുന്നതാണ്. ആയത് ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/13.01.2022)മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സ്ഥാപനത്തിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കി രസീതിന്റെ പകർപ്പ് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 വെള്ളക്കരം കുടിശ്ശിക ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം

ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ മാർച്ച് മാസത്തെ വെള്ളക്കരം കുടിശ്ശിക കേരള സംസ്ഥാന വാട്ടർ അതോറിറ്റിയുടെ 07.03.2022 ലെ ബിൽ നം 61303 പ്രകാരം 1,07,395/- രൂപയാണ്. നിലവിൽ പഞ്ചായത്ത് പരിധിയിൽ ആകെ 363 പൊതുടാപ്പുകളാണുള്ളത്. ഗ്രാമ പഞ്ചായത്തിന്റെ പ്രതിമാസ വെള്ളക്കരം 1,66,768/-രൂപയാണ്. ഇത് CFC ഗ്രാന്റ് വിഹിതം വിനിയോഗിച്ച് പദ്ധതി രൂപീകരിച്ച് (Project No 185 & 16) പഞ്ചായത്ത് കൃത്യമായി അടവാക്കുന്നുണ്ട്. എന്നാൽ മുൻവർഷങ്ങളിൽ അടവാക്കാതിരുന്ന ഏതോ ബില്ലിന്റെ തുകയും അതിന്റെ മാസം തോറുമുള്ള പിഴപ്പലിശയും ചേർന്നാണ് വെള്ളക്കര കുടിശ്ശിക ഇത്രയും വർദ്ധിച്ചിട്ടുള്ളത്.

കുടിവെള്ള ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയെങ്കിലും തുടർ നടപടി സ്വീകരിച്ചതായും കാണുന്നില്ല. സംയുക്ത പരിശോധനാ റിപ്പോർട്ട് നിശ്ചിത ഫോർമാറ്റിൽ സെക്രട്ടറി ഒപ്പിട്ട് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ ആലുവക്ക് സമർപ്പിച്ചാൽ മാത്രമേ പൊതുടാപ്പുകളുടെ എണ്ണത്തിൽ കുറവ് വരുത്താൻ കഴിയുകയുള്ളുവെന്ന വാട്ടർ അതോറിറ്റി അങ്കമാലി അസിസ്റ്റന്റ് എഞ്ചിനീയറുടെ 11/10/2021 ലെ കത്ത് കമ്മിറ്റിയിൽ വായിച്ച് ചർച്ച ചെയ്തിരുന്നു. വിവിധ വാർഡുകളിൽ നിലവിൽ വെള്ളക്കരം അടച്ചുകൊണ്ടിരിക്കുന്ന ടാപ്പുകളുടെ എണ്ണം, സ്ഥാനം എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റി അങ്കമാലി ഓഫീസിൽ കത്ത് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി കമ്മറ്റി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ( 18.10.2021 ലെ 2(1) നം തീരുമാനം) തുടർനടപടികളുടെ വിവരം ലഭ്യമായില്ല.

മേൽ വിഷയത്തിലെ തുടർനടപടികളുടെ വിവരങ്ങളും, വെള്ളക്കരം കുടിശ്ശിക തീർക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കമ്മിറ്റിയോ, സെക്രട്ടറിയോ വാട്ടർ അതോറിറ്റിയുമായി കത്തിടപാടുകളോ, ചർച്ചയോ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അറിയിക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം

17/13.01.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വെള്ളക്കരം കുടിശ്ശിക ഒഴിവാക്കുന്നതിനും, പ്രതിമാസ വെള്ളക്കര ബാധ്യത കുറക്കുന്നതിനുമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-25 ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഈടാക്കി

I) യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, നീലീശ്വരം സമർപ്പിച്ച ഒന്നാം അർദ്ധ വർഷത്തെ നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ആറ് ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ 1250/- രൂപ വീതം ആകെ 7500/- രൂപ വരുമെങ്കിലും സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ 7000/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 500/- രൂപ കുറവായാണ് ഒടുക്കിയിരിക്കുന്നത്.
II) നൃമാൻ അക്കാദമി സി.ബി.എസ്.ഇ. പബ്ലിക് സ്കൂൾ , വിമലഗിരി, മലയാറ്റൂരിന്റെ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി റിട്ടേൺസ്റ്റേറ്റ്മെന്റ് പ്രകാരം ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിന്റെ 75% കണക്കാക്കിയാണ് തൊഴിൽ നികുതി ഒടുക്കിയിരിക്കുന്നത്. ആയതിനാൽ ആകെ അർദ്ധവാർഷിക വരുമാനം കണക്കാക്കിയപ്പോൾ കുറവ് വന്നതായും കുറഞ്ഞ തൊഴിൽ നികുതി ഒടുക്കിയതായും കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു :-

| ജീവന ക്കാരന്റെ പേര് | സ്റ്റേറ്റ്മെന്റ് പ്രകാരം അടിസ്ഥാന ശമ്പളം(ഒരു മാസത്തെ) (കോളം 4) | സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ തുക (കോളം 9) | സ്റ്റേറ്റ്മെന്റ് പ്രകാരം ഒടുക്കിയ നികുതി | കണക്കാക്കേണ്ടിയിരുന്ന അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|
| ആന്റണി പി.വി | 23000 | 17250 | 1000 | 23000x6 = 138000 | 1250 | 1250-1000 =250 |
| ചാക്കോച്ചൻ പി.സി | 20000 | 100000 | 1000 | 20000x6 =120000 | 1000 | 0 |
| ക്രമ നം 3 മുതൽ 8 വരെയുള്ള ജീവനക്കാർ | 15000 | 11250 | 600 രൂപ നിരക്കിൽ 6 ജീവന ക്കാരുടെ - 600x6 = 3600 | 15000x6= 90000 | 750 രൂപ നിരക്കിൽ 6 ജീവന ക്കാരുടെ - 750x6=4500 | 4500-3600 = 900 |
| ക്രമ നം 9 മുതൽ 21 വരെ & 25, 26 ജീവനക്കാർ | 10000 | 7500 | 450 രൂപ നിരക്കിൽ 15 ജീവന ക്കാരുടെ - 450x15 = 6750 | 10000x6= 60000 | 600 രൂപ നിരക്കിൽ 15 ജീവന ക്കാരുടെ - 600x15=9000 | 9000-6750 = 2250 |
| ക്രമ നം 22 മുതൽ 24 വരെയുള്ള ജീവനക്കാർ | 5000 | 3750 | 180 രൂപ നിരക്കിൽ 3 ജീവന ക്കാരുടെ - 180x3 = 540 | 5000x6 =30000 | 300 രൂപ നിരക്കിൽ 3 ജീവന ക്കാരുടെ - 300x3 = 900 | 900-540 =360 |
| ആകെ | | | 12890 | | 16650 | 3760 |

മേൽ സ്ഥാപനത്തിന്റെ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റിലും സമാന രീതിയിലാണ് നികുതി കണക്കാക്കിയിരിക്കുന്നത്.

മുകളിൽ പരാമർശിച്ച അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/12.01.2023) ജീവനക്കാരിൽ നിന്നും ഈടാക്കിയതിൽ കുറവ് വന്ന തുക ഈടാക്കുന്നതിനായി ഡിമാന്റ് നോട്ടീസ് തയ്യാറാക്കി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. ആയത് ഈടാക്കി രസീതിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. സ്ഥാപനങ്ങൾ സമർപ്പിക്കുന്ന തൊഴിൽ നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റിന്റെ കൃത്യത പരിശോധിച്ച് നികുതി ഈടാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-26 പള്ളിവക ഓഡിറ്റോറിയത്തിന് നികുതി നിർണ്ണയം നടത്തിയിട്ടില്ല

2005 - ലെ വിവരാവകാശ നിയമ പ്രകാരം 19.09.2022 തീയതിയിൽ ശ്രീ ബിജു കെ. സൈമൺ, കളത്തിപ്പറമ്പിൽ വീട്, നടുവട്ടം പി.ഒ. SC2/2644/2022 നമ്പറായി സമർപ്പിച്ച അപേക്ഷയിലെ നടുവട്ടം സെന്റ് ആന്റണീസ് ചർച്ച് കോമ്പൌണ്ടിൽ പള്ളിയുടെ പുറകിൽ നിർമ്മിച്ച് ഓഡിറ്റോറിയമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ നികുതി നിർണ്ണയം സംബന്ധിച്ച ചോദ്യത്തിന് പ്രസ്തുത കെട്ടിടത്തിന് 2013-14 ലെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം നികുതി നിർണ്ണയം നടത്തിയിട്ടില്ല എന്ന് 07.10.2022 ലെ മറുപടി കത്തിൽ പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന് നികുതി നിർണ്ണയം നടത്താത്തതിനു വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/13.01.2023)മറുപടി നൽകിയില്ല. 2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3(1) പ്രകാരം ആക്ടിലെ 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ഈ ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്.

## 1-27 വസ്തു നികുതി - വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് നൽകിയില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6, പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ നികുതിയിൽ താഴെ പറയുന്ന ഇളവ്/വർദ്ധനവ് നൽകാവുന്നതാണ്.

| ക്രമ നം | വഴി സൗകര്യത്തിന്റെ തരംതിരിവ് | അടിസ്ഥാന വസ്തുനികുതിയിൽ വരുത്തുന്ന | |
|---|---|---|---|
| | | ഇളവ് (ശതമാനം) | വർദ്ധനവ് (ശതമാനം) |
| 1 | അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡുകളിൽ നിന്ന് പ്രവേശന മാർഗ്ഗം | ഇല്ല | 20 |
| 2 | അഞ്ച് മീറ്ററിൽ കുറവ് ഒന്നര മീറ്ററിൽ കൂടുതലും | ഇല്ല | ഇല്ല |
| 3 | ഒന്നര മീറ്ററോ അതിൽ കുറവും | 10 | ഇല്ല |
| 4 | പൊതുവഴി സൗകര്യം ഇല്ലാത്തത് | 20 | ഇല്ല |

അന്തോണി മകൻ വർഗീസ്, പറപ്പിള്ളി വീട്, മലയാറ്റൂർ പി.ഒ എന്നയാളുടെ 03.02.2021 തീയതിയിലെ പെർമിറ്റ് നമ്പർ A4-BA(26959)/2021 പ്രകാരം 4-ാം വാർഡിൽ റീസർവ്വേ നമ്പർ 29/13-1 ൽ പെട്ട സ്ഥലത്ത് ആകെ 77.20 ച.മീ നിർമ്മിതി വിസ്തീർണ്ണമുള്ള F (Commercial) ഗണത്തിൽ പെടുന്ന 1/106 A(51.82), 1/106 B (25.38) എന്നീ നമ്പർ കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിൽ 9.7 ( മുണ്ടങ്ങാമറ്റം-സെബിയൂർ റോഡ്) മീറ്റർ വീതിയുള്ള പഞ്ചായത്ത് റോഡിൽ നിന്നും പ്രവേശന മാർഗ്ഗം പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സഞ്ചയയിൽ ടി കെട്ടിടത്തിന് 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ അഞ്ച് മീറ്ററോ അതിൽ കൂടുതലോ മീറ്ററിൽ വീതിയുള്ള റോഡിന് ബാധകമായ 20% വർദ്ധനവ് വരുത്തിയിട്ടില്ല. കൂടാതെ ഒരേ കെട്ടിടമാണെങ്കിലും 1/106 A കെട്ടിടഭാഗം പ്രഥമ മേഖലയിലും 1/106 B കെട്ടിടഭാഗം ദ്വിതീയ മേഖലയിലും സ്ഥിതി ചെയ്യുന്നതായാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത് . 1/106 B കെട്ടിടഭാഗം ദ്വിതീയ മേഖലയിലായതിനാൽ 10% നികുതിയിളവ് നൽകിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

I) കെട്ടിട നമ്പർ - 1/106 A

| | നിർണ്ണയിച്ചിട്ടുള്ളത് @ 30/ച.മീ | നിർണ്ണയിക്കേണ്ടിയിരുന്നത് @30/ച.മീ | കുറവ് |
|---|---|---|---|
| അടിസ്ഥാന വസ്തുനികുതി | 51.82 X 30 = 1555 | 51.82 X 30 = 1555 | 1960-1633=327 |
| വർദ്ധനവ്(വഴി സൗകര്യം)20% | ഇല്ല | 1555 X 20%= 311 | |
| ഇളവ്(മേഖല-പ്രഥമം) | ഇല്ല | ഇല്ല | |
| അടിസ്ഥാന വാർഷിക വസ്തുനികുതി | 1555 | 1555+311 = 1866 | |
| ലൈബ്രറി സെസ്സ് | 1555 X 5% = 78 | 1866 X 5% =94 | |
| ആകെ നികുതി | 1555+78=1633 | 1866+94=1960 | |

II) കെട്ടിട നമ്പർ - 1/106 B

| | നിർണ്ണയിച്ചിട്ടുള്ളത് @ 30/ച.മീ | നിർണ്ണയിക്കേണ്ടിയിരുന്നത് @30/ച.മീ | കുറവ് |
|---|---|---|---|
| അടിസ്ഥാന വസ്തുനികുതി | 25.38 X 30 = 761 | 25.38 X 30 = 761 | 910 - 684 = 226 |
| വർദ്ധനവ്(വഴി സൗകര്യം)20% | ഇല്ല | 761 X 20%= 152 | |
| ഇളവ്(മേഖല) | ( ദ്വിതീയം - 10%) 761 X 10 = 76 | ഇല്ല | |
| അടിസ്ഥാന വാർഷിക വസ്തുനികുതി | 761-76= 685 | 761+152 = 913 | |
| ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് | 685 X 5% = 34 | 913 X 5% = 46 | |
| വസ്തുനികുതി | 685-34 = 651 | 913-46=867 | |
| ലൈബ്രറി സെസ്സ് | 651 X 5% = 33 | 867 X 5% =43 | |
| ആകെ നികുതി | 651+33=684 | 867+43=910 | |

മേൽ കെട്ടിടഭാഗങ്ങൾക്ക് 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന് ബാധകമായ 20% വർദ്ധനവ് നൽകാതിരുന്നതിനും, 1/106 B കെട്ടിടഭാഗത്തെ ദ്വിതീയ മേഖലയിലുൾപ്പെടുത്തി 10% ഇളവ് നൽകിയതിനും വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(6/10.01.2023) പ്രസ്തുത തെറ്റ് സഞ്ചയയിൽ തിരുത്തിയിട്ടുണ്ടെന്നും ആയത് പ്രകാരം കുറവ് വന്ന തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നതായും മറുപടി ലഭ്യമാക്കി.

മേൽ കെട്ടിടത്തിന്റെ(1/106 A, 1/106 B) വസ്തു നികുതി പുതുക്കി നിശ്ചയിച്ച് കൊണ്ടുള്ള സഞ്ചയയിലെ ഫോറം 6 ഓഡിറ്റിന് ഹാജരാക്കേണ്ടതും കുറവ് വന്ന തുക കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-28 ഹോം സ്റ്റേ കെട്ടിടത്തിന് ലോഡ്ജ് ഉപയോഗക്രമത്തിൽപെടുത്തി വസ്തുനികുതി നിർണ്ണയിച്ചു

മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്തിലെ അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ഓഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ എന്നിവയുടെ അടിസ്ഥാന നിരക്ക് ചതുരശ്രമീറ്ററിന് 20/- രൂപയും സ്വകാര്യ ഹോസ്റ്റൽ , ഹോം സ്റ്റേ എന്നിവയുടെ അടിസ്ഥാന നിരക്ക് ചതുരശ്രമീറ്ററിന് 50/- രൂപയും ആണ്. ശ്രീ.മനോജ് ആന്റണി, പുത്തേൻ വീട്, നീലീശ്വരം എന്നയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 15.09.2021 തീയതിയിൽ 111/2021 -ാം നമ്പറായി 'സൂര്യ ഹോം സ്റ്റേ' (കെട്ടിട നം. 5/172 A) എന്ന സ്ഥാപനം നടത്തുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ പ്രസ്തുത കെട്ടിടത്തിന്റെ ഉപയോഗക്രമം ലോഡ്ജ് എന്ന് രേഖപ്പെടുത്തി ച.മീറ്ററിന് 20/- രൂപ നിരക്കിൽ വസ്തുനികുതി കണക്കാക്കിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | നിർണ്ണയിച്ചിട്ടുള്ളത് @ 20/ച.മീ. | നിർണ്ണയിക്കേണ്ടിയിരുന്നത് @50/ച.മീ. | കുറവ് |
|---|---|---|---|
| അടിസ്ഥാന വസ്തുനികുതി | 84.1 X 20 = 1682 | 84.1 X 50 = 4205 | 3975 – 1590 = 2385 |
| വർദ്ധനവ്(വഴി സൗകര്യം) | ഇല്ല | ഇല്ല | |
| ഇളവ്(മേഖല-ദ്വിതീയം) 10% | 168.2 | 420.5 | |
| അടിസ്ഥാന വാർഷിക വസ്തുനികുതി | 1682 – 168.2=1514 | 4205 – 420.5 = 3785 | |
| ലൈബ്രറി സെസ്സ് | 1514 X 5% = 76 | 3785 X 5% =190 | |
| ആകെ നികുതി | 1514 + 76=1590 | 3785 + 190=3975 | |

ഹോസ്റ്റേ ഉപയോഗക്രമത്തിലുള്ള മേൽ കെട്ടിടത്തിന് ലോഡ്ജ് എന്ന് രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയം നടത്തിയതിനു വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(13/13.01.2023) ആയത് സഞ്ചയയിൽ തിരുത്തൽ വരുത്തിയിട്ടുള്ളതും ആയത് പ്രകാരം കുറവ് വന്ന തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതുമാണെന്ന് മറുപടി ലഭ്യമാക്കി. പ്രസ്തുത കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയം നടത്തിയതിന്റെ സഞ്ചയയിൽ നിന്നുള്ള ഫോറം 6 ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. കൂടാതെ കെട്ടിടത്തിന് നികുതി അസ്സസ്മെന്റ് നടത്തിയതു മുതൽ തൻ വർഷം വരെയുള്ള നികുതി കുടിശ്ശിക ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-29 സാക്ഷരതാ പ്രേരക്കിന് നൽകിയ മുൻകൂർ ക്രമീകരിച്ചില്ല

പഞ്ചായത്തിലെ സാക്ഷരതാ പ്രേരക് ശ്രീമതി ലില്ലി ജോസിന് ഓണറേറിയം ഇനത്തിൽ താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്. സാക്ഷരതാ മിഷനിൽ നിന്നും തുക തിരികെ നൽകുമെന്ന വ്യവസ്ഥയിലാണ് തുക നൽകിയിരുന്നത്.

1. വൗച്ചർ നം 22100075/21.04.2021 -15,840/- രൂപ
2. വൗച്ചർ നം 22100076/21.04.2021 -8280/- രൂപ
3. വൗച്ചർ നം 22100134/14.05.2021 -9000/- രൂപ

മേൽപ്രകാരം ആകെ 33,120/- രൂപ മുൻകൂർ നൽകിയിട്ടുള്ളതായി 460100199- Other Advances എന്ന ഹെഡിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ തുക ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.03/06.01.23 ) തുക തിരികെ ലഭ്യമായില്ലെന്നാണ് മറുപടി നൽകിയത്. തുക ലഭ്യമാകുന്ന മുറയ്ക്ക് മുൻകൂർ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-30 അനധികൃത ഫാമുകൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്

2005 - ലെ വിവരാവകാശ നിയമ പ്രകാരം 28.07.2021 തീയതിയിൽ ശ്രീ എം.പി പാപ്പച്ചൻ, മാടവന വീട്, സെബിയൂർ A4-4937/2021 നമ്പറായി സമർപ്പിച്ച അപേക്ഷയിൽ പഞ്ചായത്തിലെ III-ാം വാർഡിൽ പ്രവർത്തിക്കുന്ന മുട്ടൻത്തൊട്ടി ജോയിയുടെ പന്നി വളർത്തൽ ഫാമിന് ലൈസൻസ് നല്കിയിട്ടുണ്ടോ, പഞ്ചായത്തിൽ നിന്നും ടി സ്ഥാപനത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ എന്നീ അന്വേഷണങ്ങൾക്ക് - പ്രസ്തുത ഫാമിന് പഞ്ചായത്തിൽ നിന്നും ലൈസൻസ് നൽകിയിട്ടില്ലായെന്നും , ഫാമിൽ പരിശോധന നടത്തിയിട്ടില്ലായെന്നും 25.08.2021 തീയതിയിൽ മറുപടി നൽകി. മേൽ പരാതി ലഭിച്ചതിനു ശേഷം പഞ്ചായത്ത് പ്രസ്തുത ഫാമിൽ പരിശോധന നടത്തുകയോ ലൈസൻസ് നൽകുകയോ ചെയ്തിട്ടുണ്ടോ എന്നും പഞ്ചായത്ത് പരിധിയിൽ അനധികൃതമായി പ്രവർത്തിക്കുന്ന ഫാമുകൾക്കെതിരെ സ്വീകരിച്ച നടപടികളും രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/13.01.2023) മറുപടി നൽകിയില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ശമ്പള പരിഷ്കരണ കുടിശ്ശിക -18,350/- രൂപ അധികം നൽകി

| | |
|---|---|
| വൗച്ചർ നം, തീയതി, തുക | 22100331/12.08.2021- 1,44,780/- രൂപ |
| തുക കൈപ്പറ്റിയ വ്യക്തി | ശ്രീ ശ്രീകുമാർ സി.പി.<br>അസിസ്റ്റന്റ് സെക്രട്ടറി (റിട്ടയേർഡ്) |

സേവനത്തിൽ നിന്നും വിരമിച്ച ശ്രീ ശ്രീകുമാർ സി.പി., അസിസ്റ്റന്റ് സെക്രട്ടറിക്ക് 2019 ശമ്പളപരിഷ്കരണ കുടിശ്ശികയിനത്തിൽ മേൽ വൗച്ചർ പ്രകാരം 1,44,780/- രൂപ നൽകിയിട്ടുണ്ട് ( ചെക്ക് നം 134586/12.08.2021). ഇദ്ദേഹത്തിന്റെ അരിയർ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, വീട്ടുവാടക ബത്ത ഇനത്തിൽ അധിക കുടിശ്ശിക നൽകിയതായി കണ്ടു. 2019 ശമ്പള പരിഷ്കരണ ഉത്തരവനുസരിച്ച് അടിസ്ഥാന ശമ്പളത്തിന്റെ 4 % എന്ന നിരക്കിൽ പഞ്ചായത്ത് പരിധിയിൽ വീട്ടുവാടക ബത്തക്ക് അർഹതയുണ്ട്( GO(P) No 27/2021/Fin Dated 10.02.2021 . വർദ്ധിപ്പിച്ച വീട്ടുവാടക ബത്തക്ക് 01/ 03/2021 മുതലേ പ്രാബല്യമുള്ളൂ ( Para No 14 Of Pay Revision Order). എന്നാൽ 07/2019 മുതലേ വർദ്ധിപ്പിച്ച നിരക്കിലുള്ള വീട്ടുവാടക ബത്ത നൽകിയിരിക്കുന്നു.

| കാലയളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|
| 07/19 മുതൽ 06/20 വരെ | 2104 X 12 = 25248 | 1250 X 12=15000 | 10248 | Basic Pay-52600/- |
| 07/20 മുതൽ 02/21 വരെ | 2156 X 8= 17248 | 1250 X 8=10000 | 7248 | Basic Pay-53900/- |
| ലീവ് സറണ്ടർ 04/20 | 2104 | 1250 | 854 | Basic Pay-52600/- |
| | ആകെ | | 18,350 | |

മേൽ പ്രകാരം 18,350/- രൂപ ശമ്പള പരിഷ്കരണ കുടിശ്ശിക ഇനത്തിൽ അധികം നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ച് അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 01/06.01.2023) തുക തിരിച്ചടക്കാനാവശ്യപ്പെട്ട് നോട്ടീസ് നൽകിയതായും, അദ്ദേഹത്തിന് സാമ്പത്തിക ബുദ്ധിമുട്ടുള്ളതിനാൽ ഗഡുക്കളായി തുക തിരിച്ചടക്കുന്നതിന് അനുമതി തേടിയിട്ടുള്ളതായും മറുപടി നൽകി. വ്യക്തമായ നഷ്ടമായതിനാൽ അധികം ചെലവഴിച്ച 18,350/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 05.01.2023 മുതൽ 13.01.2023 | 2021-2022 വാർഷിക ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയത്. |
| അപാകതകൾ ഖണ്ഡിക 1-2-1 ൽ ചേർത്തിട്ടുണ്ട്. | | |

### 4-2 സംയുക്ത പ്രൊജക്ടുകളുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | 2019-20 ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 5,00,000 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | 5,00,000 | 0 |
| | 2021-22 | 3,50,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 3,50,000 | 0 |
| | ആകെ | 8,50,000 | | 8,50,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 12,500 | കുട്ടികൾക്കായുള്ള ജില്ലാ വെബ് പോർട്ടൽ | 12,500 | 0 |
| | 2021-22 | 20,000 | ഏർളി ഡിറ്റെക്ഷൻ സെന്റർ | 20,000 | 0 |

| | | | | |
|---|---|---|---|---|
| | | അടിസ്ഥാന സൌകര്യം ഒരുക്കൽ | | |
| 2021-22 | 35,500 | ഡയാലിസിസ് രോഗികൾക്ക് പിന്തുണ | 35,500 | 0 |
| 2021-22 | 2,00,000 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | 2,00,000 | 0 |
| 2021-22 | 5,10,000 | നെൽക്കൃഷി വികസനം കൂലിച്ചെലവ് സബ്സിഡി | 5,10,000 | 0 |
| 2021-22 | 3,30,400 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 3,30,400 | 0 |
| ആകെ | 11,08,400 | | 11,08,400 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് -3 | 22101260 | 97822 | 95644 | 2178 |
| | സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് -1 | 22101263 | 99710 | 99420 | 290 |
| | സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് -15 | 22101262 | 43660 | 40320 | 3340 |
| | സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് -9 | RBI3132149050462 | 42740 | 41880 | 860 |
| | മണപ്പാട്ടുചിറ ചിൽഡ്രൻസ് പാർക്കിൽ KSEB ലൈൻ മാറ്റി സ്ഥാപിക്കൽ | RB0872276649218 | 29096 | 8192 | 20904 |
| | ആകെ | | 313028 | 285456 | 27572 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 387/25-03-2022 | 2583000 | 2583000 | 0 |
| | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 22101265 | 2085000 | 2085000 | 0 |
| | ആകെ | | 4668000 | 4668000 | 0 |

മുൻവർഷങ്ങളിലെയും, 2020-2021 സാമ്പത്തിക വർഷം നിക്ഷേപിച്ചതും ഉൾപ്പെടെ KSEBയിൽ 45,04,641/-രൂപയും, KWAയിൽ 78,44,000/- രൂപയും 31/03/2021 ൽ ചെലവഴിക്കാൻ ബാക്കിയുള്ളതായി ബാലൻസ് ഷീറ്റിൽ നീക്കിയിരുപ്പുണ്ട്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് കെ.യു.ആർ.ഡി.എഫ്.സി.വായ്പയിനത്തിൽ വരവില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|

| | | | | തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| 1 | കെ.യു.ആർ. ഡി.എഫ്.സി. ലോൺ | സ.ഉ.(എം.എസ്) നം 68/2018 /തസ്വഭവ തീയതി 18.05.2018 | 90,60,000/- | 55,16,000/- | 8,36,000/- | - | 46,80,000/- |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ഈ വർഷം വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-2 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | ഏതാനം സ്ഥാപനങ്ങളുടെ ഒഴികെ തൊഴിൽ നികുതി പിരിച്ചിട്ടുണ്ട് |
| 2018-19 | 1-16 | 2019-20 | 4 | നക്ഷത്ര തടാകം കാർണിവൽ 2018 സർക്കാർ അനുമതിയില്ലാതെ ഏറ്റെടുത്ത് നടത്തി – നടത്തിപ്പിൽ ഗുരുതര അപാകതകൾ | സർക്കാർ സാധൂകരണത്തിനായുള്ള നടപടികൾ പുരോഗമിക്കുന്നു. നിലവിൽ ഈ പരാമർശം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ ആണ്. അക്കൗണ്ട്സ് കമ്മിറ്റിയുടെ പ്രാഥമിക തെളിവെടുപ്പ് 22/09/2021 ാം തീയതി നടന്നിട്ടുള്ളതാണ്. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 83062655.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 78778560.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 18350.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 445982.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-1 (1-15) | --- | 18,350.00 | മേഴ്സി കെ.ഒ., സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 16,078 | ഡോ. ഷൈമാ സലിം, മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 1-18 | 4,29,904 | മേഴ്സി കെ.ഒ., സെക്രട്ടറി |
| ആകെ | 4,45,982 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

ഇല്ല

(ഡി) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ .

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ഡോ. ഷൈമാ സലിം മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | മൻസിൽ ഹൗസ് കളമശ്ശേരി എറണാകുളം |
| 1 | മേഴ്സി കെ.ഒ., സെക്രട്ടറി | വിരമിച്ചു | കാട്ടുതറ ഹൗസ്, ഫ്ലാറ്റ് നം.1079 ഫെഡറൽ സിറ്റി, കറുകുറ്റി(പി.ഒ.) എറണാകുളം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി |
|---|---|
| 1995-96 | എൽ.എഫ്.ഇ.പി-5 -1919/07/11.02.2009 |
| 1996-97(ചെലവ്) | എൽ.എഫ്.ഇ.പി-3-1158/97/28.01.2009 |
| 1997-98(ചെലവ്) | എൽ.എഫ്.ഇ.പി-4-281/19.10.2000 |
| 1998-99(ചെലവ്) | എൽ.എഫ്.ഇ-പി4-859/2005 06.12.2006 |
| 1998-99 | എൽ.എഫ്.ഇ-പി-4-1922/2007/18.09.2008 |
| 1999-00 | എൽ.എഫ്.ഇ-പി4-1923/2007/18.09.2008 |
| 2000-01 | എൽ.എഫ്.ഇ-പി-4-1770/2008/07.12.2009 |
| 2001-02 | എൽ.എഫ്.ഇ-പി-4-1382/2003/03.06.2003 |
| 2002-03 | എൽ.എഫ്.ഇ-പി-4-234/2007/13.11.2007 |
| 2003-04 | എൽ.എഫ്.ഇ-പി-4-1771/08/07.12.2008 |
| 2004-05 | എൽ.എഫ്.ഇ-പി-4-1772/08/07.12.2008 |
| 2008-09 | എൽ.എഫ്.ഇ-പി-4-1661/2009/16.03.2010 |
| 2007-08,2009-10, 2010-11 | എൽ.എഫ്.ഇ-പി-4-1399/12 /09.11.2012 |
| 2011-12 | എൽ.എഫ്.ഇ-പി-4- 645/13 /29.05.13/13.06.13 |
| 2012-13, 2013-14 | എൽ.എഫ്.ഇ-പി-4- 1903/14/ 30.12.14 |
| 2014-15 | കെ.എസ്.എ(ഇ കെ എം)പി4- 1351/16/ 04.08.16. |
| 2015-16 | കെ.എസ്.എ.ഇ കെ എം(പി4) 8/2017/25.01.2017 |
| 2016-17 | കെ.എസ്.എ.ഇ കെ എം(പി4) 1909/2017/03.11.2017 |
| 2017-18 | കെ.എസ്.എ.ഇ കെ എം(പി4) 148/2019/12.03.2019 |
| 2018-19 | കെ.എസ്.എ.ഇ കെ എം(പി4) 244/2020/16.03.2020 |
| 2019-20 | കെ.എസ്.എ.ഇ കെ എം(പി4) 131/2022 / 28.02.2022 |
| 2020-21 | കെ.എസ്.എ.ഇ കെ എം(പി4) 132/22 / 12.05.2022 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്